**പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമം**

**(ഹാജർ : പി.ബി നൂഹ് ഐ.എ.എസ്)**

DCPTA/11939/2017-S5

തീയതി 19-03-2019

വിഷയം:- ജീവനക്കാര്യം-01-01-2004 മുതൽ 31-12-2016 വരെ സർവ്വീസിൽ പ്രവേശിച്ച വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്-

സൂചന:1.ലാന്റ് റവന്യൂ കമ്മീഷണറുടെ 09.12.2016 ലെ എൽ.ആർ. എൻ4 46295/16 നമ്പർ കത്ത്.

2. ഈ ഓഫീസിലെ 09.10.2017 ലെ DCPTA/11939/2017 -S5 നമ്പർ നടപടിക്രമം.

3. ജില്ലയിലെ തഹസിൽദാർമാരുടെ റിപ്പോർട്ടുകൾ

10 -ാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള 1/3 ഹയർ ഗ്രേഡ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരുന്നതും 01-01-2004 മുതൽ 31-12-2016 വരെ സർവീസിൽ പ്രവേശിച്ച വില്ലേജ് ഫീൽഡ് അസ്സിസ്റ്റന്റ്മാരുടെ താൽകാലിക സീനിയോരിറ്റി ലിസ്റ്റ് സൂചന(2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നതുമാണ്.ടി ലിസ്റ്റിൽ വകുപ്പ് വിട്ടുപോകുകയോ ജില്ല മാറി പോകുകയോ ചെയ്ത വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാരെ ഉൾപ്പെടുത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ, എല്ലാ താലൂക്കുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം, ടി ജീവനക്കാരെക്കൂടി ഉൾപ്പെടുത്തി 01.01.2004 മുതൽ 31.12.2016 വരെ സർവ്വീസിൽ പ്രവേശിച്ച വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാരുടെ താൽകാലിക സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

ബന്ധപ്പെട്ട തഹസിൽദാർമാർ ടി ലിസ്റ്റ് എല്ലാ ജീവനക്കാർക്കും പരിശോധനയ്ക്ക് നൽകേണ്ടതും ടി ലിസ്റ്റ് എല്ലാ വില്ലേജ് ഓഫീസിലും പ്രസിദ്ധീകരിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

19-03-19

ജില്ലാ കളക്ടർ

പകർപ്പ്-

1. എല്ലാ തഹസിൽദാർമാർക്കും ( ഇ മെയിൽ മുഖേന)
2. എച്ച് .എസ്, സി.എ റ്റു ഡിസി/എഡിഎം.
3.ജില്ലാ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്